# ഭൈഷജ്യരത്നാവലി
## (സ്വാനുഭവം)

**ഡോ. ഉണ്ണികൃഷ്ണൻ പിള്ള**

അഷ്ടവൈദ്യൻ തൃശ്ശൂർ തൈക്കാട്ട് ഉണ്ണിമൂസിന്റെ 104-ാം ജന്മദിനത്തോടനുബന്ധിച്ച് നടത്തുന്ന സംഭാഷാപരിഷത്തിൽ പങ്കെടുക്കുവാനും ഭൈഷജ്യരത്നാവലിയെപ്പറ്റി സ്വാനുഭവം വിവരിക്കുവാനും അവസരം ലഭിച്ചത് ഒരു ഭാഗ്യമായി കരുതുന്നു. അതിന് കാരണഭൂതരായി ഭവിച്ച എല്ലാ സുകൃതികളോടും വിശിഷ്യാ ഡോ. വാസുദേവൻ മൂസ്സ്, ഡോ. നാരായണൻ നമ്പി എന്നിവരോടും കൃതജ്ഞത രേഖപ്പെടുത്തുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ ഏറ്റവും പ്രതികൂലസാഹചര്യത്തിൽ ആയുർവേദത്തെ താങ്ങിനിർത്തിയ ഭിഷഗ്വരന്മാരിൽ പ്രധാനിയായ ഉണ്ണിമൂസിന്റെ സ്മരണക്ക് മുമ്പിൽ നമ്രശിരസ്ക്കനായി ഈ പ്രബന്ധം സമർപ്പിക്കുന്നു.

ഭൈഷജ്യരത്നാവലി ചികിത്സാവിധികൾക്കും യോഗങ്ങൾക്കും പ്രാമുഖ്യം കൊടുത്തു രചിച്ചിട്ടുള്ള ഒരു സങ്കലന ഗ്രന്ഥമാണ്. കേരളത്തിൽ സഹസ്രയോഗത്തിനും ചികിത്സാമഞ്ജരിയ്ക്കും കൊടുക്കുന്ന സ്ഥാനം ഉത്തര ഭാരതത്തിൽ ഭൈഷജ്യരത്നാവലിക്കുണ്ട്. ഗുജറാത് ആയുർവേദ യൂണിവേഴ്സിറ്റിയിൽ ബിരുദാനന്തര പഠന കാലത്ത് ഭൈഷജ്യരത്നാവലിയിലെ യോഗങ്ങളെ നിർദ്ദേശിക്കുന്നത് കേട്ടിട്ടുണ്ടെങ്കിലും കേരളത്തിൽ നിന്നുള്ള ആധികാരിക ആയുർവേദക്കാരനെന്ന നിലയിൽ അതിന് അധികം പ്രാധാനം കൊടുത്ത് ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ പിൽക്കാലത്ത് രസൗഷധികളുടെ നിർമ്മാണവിധിയും ഉപയോഗക്രമവും രോഗനിവാരണത്വവും മനസ്സിലാക്കുവാൻ ഭൈഷജ്യരത്നാവലി വളരെ ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട്. അനുഭവ വിവരണം എന്നു പറയുമ്പോൾ സാധാരണ രീതിയിൽ ഏതെങ്കിലും വിശിഷ്ടയോഗത്തിന്റെയോ അഥവാ ക്രിയാക്രമത്തിന്റെയോ സന്ദർഭോചിതമായ പ്രയോഗവും അതിന്റെ വിജയവും ആണ് പറയാറുള്ളത്. എന്നാൽ ഭൈഷജ്യരത്നാവലിയെപ്പറ്റി അത്തരത്തിൽ ഉള്ള ഒരു അനുഭവം പറയുന്നതിന് മുമ്പ് ആ യോഗത്തിന്റെ ഉത്പത്തി അന്വേഷണ വിഷയമാക്കേണ്ടിവരും. കാരണം തനിമയുള്ള യോഗങ്ങൾ ഇതിൽ ഉണ്ടോ എന്നതുതന്നെ ഒരു ഗവേഷണവിഷയമാണ്. അതിനാൽ എടുത്തു പറയാനുള്ളത് ഭൈഷജ്യരത്നാവലിയിൽ ഔഷധങ്ങളുടെ നിർമ്മാണാത്മക നിർദ്ദേശങ്ങൾ യോഗങ്ങളോടൊപ്പം നൽകിയിട്ടുണ്ട് എന്നതാണ്.

എന്റെ പി.എച്ച്.ഡി ഗവേഷണത്തിനിടയിൽ എന്നെ ഏറ്റവും അധികം സഹായിച്ച ഒരു ഭാഗം തന്നെനോക്കാം. എന്റെ പി.എച്ച്.ഡി വിഷയം 'A standard preparation of Harital Bhasma and its clinical efficacy in certain skin diseases' എന്നതായിരുന്നു. ശരിക്കും അതിനെ 'A standard preparation of Sweta Haritala Bhasma and its clinical efficacy in Psoriasis എന്ന് വയ്ക്കേണ്ടതായിരുന്നു. ശ്വേതഭസ്മം ഉണ്ടാക്കാൻ കഴിയുമോ എന്ന സംശയം കൊണ്ടാണ് മേല്പറഞ്ഞ ശീർഷകം സ്വീകരിച്ചത്. കാരണം 'ആയൂർവേദ പ്രകാശം' പോലെയുള്ള ആധികാരിക രസഗ്രന്ഥത്തിൽ, *"താലം മൃതം തദാ പ്രോക്തം വഹ്നിസ്ഥം ധൂമ വർജ്ജിതം"* എന്ന് താലകഭസ്മത്തിന് ലക്ഷണം പറയുകയും *'ഇയം പരീക്ഷാ വൃദ്ധനാം മുഖേഭ്യ ഏവ ശ്രുത്വാ മയാ പദ്യേന നിബദ്ധാ; പരം രസശാസ്ത്രേഷു കുത്രാപീ ന ദൃഷ്ടാ'* എന്ന് സംശയം പ്രകടിപ്പിക്കുകയും അതേ സമയം *'ഭവതു സത്യേയം - നഹ്യമൂലാ പ്രസിദ്ധിരതിന്യായാത്'* എന്ന് ധൈര്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആചാര്യ ഹരിശരണാനന്ദജിയുടെ സംകലിത ഗ്രന്ഥമായ 'ഭസ്മവിജ്ഞാന' ത്തിലും നിർധൂമശ്വേതഭസ്മത്തിന്റെ അസംഭാവിതത്വത്തെ എടുത്തു പറഞ്ഞിട്ടുണ്ട്. കുറഞ്ഞ താപമാനത്തിൽ ധൂമമായി പോവുകയും ജ്വാലയായി കത്തുകയും ചെയ്യുന്ന പീതവർണ്ണത്തിലുള്ള ഹരിതാലത്തെ ഔഷധ സസ്യങ്ങളുടെ ഉപയോഗത്തിലൂടെ ശ്വേതവർണ്ണമുള്ളതും അഗ്നിസ്ഥായിയും ഔഷധഗുണമുള്ളതമായ ഭസ്മമാക്കുക എന്നതായിരുന്നു ഗവേഷണോദ്ദേശം. ഉപലബ്ധ ഗ്രന്ഥങ്ങളിൽ നിന്നും താലക സംബന്ധിയായ സാഹിത്യ സങ്കലനത്തിനിടയിൽ ഹരിതാലമാരണവും താലകേശ്വര രസങ്ങളുമായുള്ള സാദൃശ്യം മനസ്സിലായി. പിന്നീട് താലകേശ്വര രസങ്ങളെപ്പറ്റി കൂടുതൽ അധ്യയനം നടത്തി. അതിനിടയിലാണ് ഭൈഷജ്യരത്നാവലിയിലെ താലകേശ്വര രസങ്ങൾ അധ്യയന വിഷയമായത്.

ഭൈഷജ്യരത്നാവലിയിൽ മൂന്ന് താലകേശ്വര രസങ്ങളുടെ വർണ്ണനയുണ്ട്. അവയിൽ രണ്ടെണ്ണം താലകേശ്വര രസങ്ങളും ഒരെണ്ണം മഹാതാലകേശ്വര രസവും ആണ്. അവയിൽ ഒന്നും മൂന്നും യോഗങ്ങൾ സാധാരണ വിവരങ്ങൾ മാത്രം നൽകുമ്പോൾ രണ്ടാമത്തെ യോഗത്തിൽ സ്വാനുഭവം കൂടി

ചേർക്കാൻ ശ്രമിച്ചിട്ടുള്ളതായി തോന്നുന്നു. അത് നോക്കാം. "*അപര : താലകേശ്വര രസഃ*" എന്ന പേരിൽ കുഷ്ഠവികാരത്തിൽ 274 മുതൽ 277 വരെയുള്ള ശ്ലോകങ്ങളിൽ ഇപ്രകാരം പറയുന്നു.

*'ദദ്രുഘ്ന ബാണാംഘ്രി രസം ദത്വാ*
*താലം സുചൂർണ്ണിതം*
*പുനഃ പുനശ്ച സംമർദ്യ ദഹേത്*
*ശുഷ്കം കൃതാ പുടം*
*ദൃഢസ്ഥാല്യാം ധൃതം ക്ഷാരം*
*പലാശഞ്ചാപ്യുപര്യധഃ*
*തതോ ജ്വാലാ പ്രദാതവ്യാ*
*ദിനരാത്രേ മൃതം ഭവേത്*
*ശുക്ലവർണം യദാ ച സ്യാത്*
*അഗ്നൗ ദത്തമധൂമകം*
*തദാ ജ്ഞാതം മൃതം താലം*
*സർവ കുഷ്ഠവിനാശനം*
*ഗലത് കുഷ്ഠം വാതരക്തം*
*താമ്രവർണം ചമണ്ഡലം*
*ശീതപിത്ത മഹാ ദദ്രു-*
*ച്ഛുച്ഛുന്ദര വിനാശനം*
*പത്ഥ്യം മസൂരം ചണകം*
*മുദ്ഗസൂപം യഥേച്ഛയാ*
*അതിദൃഷ്ട ഫലോയഃ*
*താലകേശ്വരഃ*

വിശദമായ ശോധന വിധി ഒഴിച്ച് ബാക്കി പ്രക്രിയകളും പരിണാമവും പരീക്ഷയും ഫലശ്രുതിയും ഈ ശ്ലോകങ്ങളിൽ നിർദേശിച്ചിട്ടുണ്ട്. ശോധന വിധികൾ അന്യത്ര വിവരിച്ചിട്ടുള്ളതു കൊണ്ടാകാംഇവിടെ ഒഴിവാക്കിയിരിക്കുന്നത്. എങ്കിലും യോഗത്തിന്റെ കാർമുകതയെ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള വിശേഷ ശോധനം പറഞ്ഞിട്ടുണ്ട്. തകരയുടേയും കൊഴിഞ്ഞിലിന്റേയും സ്വരസത്തിലുള്ള ഭാവന ഫലശ്രുതിക്കനുസൃതമായി പല രസശാസ്ത്ര ഗ്രന്ഥങ്ങളിലും അഗ്നികൊടുക്കണം എന്നു മാത്രം പറയുമ്പോൾ ഏതുതരം അഗ്നിവേണം എന്നു സംശയം ഉണ്ടാകുന്നു. ഉപലാഗ്നി, കാഷ്ഠാഗ്നി, അംഗാരാഗ്നി, തുഷാഗ്നി ഇവയൊക്കെ രസൗഷധനിർമ്മാണത്തിൽ പതിവുള്ളതാണ്. ധൂമമായി പോകുന്നതും കത്തുന്നതുമായ പദാർത്ഥങ്ങളുടെ നിർമ്മാണപ്രക്രിയ മാനകീകരിക്കുമ്പോൾ അഗ്നിക്ക് വളരെ പ്രാധാന്യം ഉണ്ട്. അതുപോലതന്നെ പ്രാധാന്യമുള്ള കാര്യമാണ് എത്ര സമയം ഈ അഗ്നി കൊടുക്കണം എന്നത്. '*തതോജ്വാലാ പ്രദാതവ്യാ ദിനരാത്രേ*' എന്നു വിശദീകരിച്ച് സംശയം ദുരീകരിച്ചിട്ടുണ്ട്. '*ജ്വാല*' എന്ന പ്രയോഗം കൊണ്ട് താപമാനത്തെപ്പറ്റി ഏകദേശരൂപം ലഭിക്കുന്നു. ഒപ്പം 24 മണിക്കൂർ ചൂടുകൊടുക്കണം എന്നും വ്യക്തമാക്കിയിരിക്കുന്നു. ഈ പ്രക്രിയ ഹരിതാലമാരണം തന്നെയാണ് എന്നു വ്യക്തമാക്കുന്ന രീതിയിൽ '*മൃതം ഭവേത്*' എന്ന് വിധിച്ചിരിക്കുന്നു. നിർമ്മിത ഭസ്മം സമ്യക്മാരിതമാണോ എന്നതിന് ഭസ്മപരീക്ഷയായി ശക്ലവർണ്ണവും നിർധൂമതയും പറഞ്ഞിരിക്കുന്നു. ഈ ഉല്ലേഖം ഒരു ഗവേഷണവിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതാണ്. അവ്യക്തമായി പ്രക്രിയ വിവരിച്ചിട്ട് മഹത്തായ പരിണാമങ്ങൾ പറയുന്നത് രസശാസ്ത്രം പോലെയുള്ള ഗുപ്തശാസ്ത്രങ്ങളിൽ സാധാരണയായി കാണാറുണ്ട്. എന്നാൽ ഇവിടെ പ്രക്രിയയും പരിണാമവും വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. ഫലശ്രുതിയോടൊപ്പം '*ഛുച്ഛുന്ദര വിനാശനം*' എന്നത് നിർമ്മിതഭസ്മത്തിന്റെ വിഷസ്വഭാവത്തെ കാണിക്കുന്നു. പ്രകരണം അവസാനിപ്പിക്കുന്നത് '*അതിദൃഷ്ട ഫലഃ*' എന്ന ഉറപ്പോചുകൂടിയാണ്. ഈ പ്രയോഗത്തിന്റെ അദ്ധ്യയനം എന്റെ ഗവേഷണത്തെ അധികം സ്വാധീനിക്കുകയും അതിൽ നിന്നും പ്രസക്ത ഭാഗങ്ങളെ ഗ്രഹിച്ച് മുമ്പോട്ടുപോകാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

രസശാസ്ത്ര വിദ്യാർത്ഥിയുടെ കാഴ്ചപ്പാടിൽ ഇത്തരം മേന്മകളാണ് ഉള്ളതെങ്കിലും ഒരു സാമാന്യ ചികിത്സകന് സഹായഗ്രന്ഥമായി എപ്പോഴും ഉപയോഗിക്കാവുന്ന ഗ്രന്ഥംകൂടിയാണ് ഭൈഷജ്യ രത്നാവലി.